(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററാണ് ഇതുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ്വെയർ വികസിപ്പിച്ചിരിക്കുന്നത്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1990 മുതലുള്ള ആധാര വിവരങ്ങൾ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. 1980 മുതൽ 1989 വരെയുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഏകീകൃത ഫീസ് സംവിധാനം

7 (*397) ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന വിവിധ ഫീസുകൾക്ക് ഏകീകൃത സ്വഭാവമുണ്ടോ ;

(ബി) ഒരേ ആവശ്യത്തിന് വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത ഫീസ് ഘടന സ്വീകരിക്കുന്നത് ഉചിതമാണോ ;

(സി) പഠനത്തിനുള്ള ഫീസും വിവിധ സേവനങ്ങൾക്കുള്ള ഫീസും സർവ്വകലാശാലകൾ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോഴിക്കോട് സർവ്വകലാശാല ഈയിടെ എല്ലാതരം ഫീസുകളും വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്ര ശതമാനമാണ് ഓരോ ഇനത്തിലുമുള്ള വർദ്ധനവെന്ന് വ്യക്തമാക്കാമോ ;

(ഇ) അടിക്കടിയുള്ള ഫീസ് വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഇല്ല. ഓരോ സർവ്വകലാശാലയും തീരുമാനിക്കുന്നതനുസരിച്ചാണ് ഫീസ് ഘടന നിശ്ചയിക്കുന്നത്.

(ബി) സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) അടുത്ത കാലത്ത് ഫീസ് വർദ്ധന നടപ്പാക്കിയിട്ടില്ലെന്ന് മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ, കണ്ണൂർ സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓരോ വർഷവും 5% വീതം ഫീസ് വർദ്ധന നടപ്പാക്കുന്നുണ്ട്.

കോഴിക്കോട് സർവ്വകലാശാല 2007-ന് ശേഷം പരീക്ഷാ ഫീസുകൾ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 8 വർഷത്തിനുശേഷം 2015-ൽ ശരാശരി 67% വർദ്ധന വരുത്തിയിട്ടുണ്ട്.

(ഇ) അടിയ്ക്കടിയുള്ള ഫീസ് വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രകൃതി ദുരന്തം - പ്രവചന സംവിധാനങ്ങൾ

8 (*398) ശ്രീ. എസ്. ശർമ്മ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ദുരന്തനിവാരണ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പ്രത്യേക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എവിടെങ്ങളിലെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവ സ്ഥാപിച്ചിട്ട് എത്രകാലമായി ; നിലവിൽ പ്രവർത്തനക്ഷമമാണോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട ചില ഉപകരണങ്ങൾ ഇപ്പോൾ കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായോ ; ഇതിനായി എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly